പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1901 — 04.12.2018-ലെ മറുപടിക്ക്

**മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ നടപടികൾ നിർത്തിവെച്ച കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെട്ട സിവിൽ സ്ട്രക്ച്ചർ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് ആവശ്യമായ തുക അതിൽ ഉൾപ്പെട്ട കടമുറികൾ ലേലം ചെയ്ത് നൽകി സ്വരൂപിക്കാനാണ് കെ.എസ്.ആർ.ടി.സി വിഭാവനം ചെയ്തത്. എന്നാൽ 2 തവണ ലേല നടപടികൾ നടത്തിയിട്ടും ആയതിന് ആവശ്യമായ തുക സ്വരൂപിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ തന്നെ തൽക്കാലം മലപ്പുറം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ നിർത്തി വച്ചിരിക്കുകയാണ്. 2018 ഡിസംബർ 15-ാം തീയതി വീണ്ടും ലേലം നടത്തി പ്രസ്തുത ഷോപ്പുകൾ ആവശ്യക്കാർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയതിൽ നിന്നും വരുമാനം ലഭ്യമാകുന്ന മുറക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | കരാറിൽ പറഞ്ഞതുപ്രകാരം ഏതു ഘട്ടം വരെയുള്ള ജോലികളാണ് പൂർത്തികരിച്ചിട്ടുള്ളത്; കരാറുകാരന് പാർട്ട് ബിൽ മാറിനൽകിയിട്ടുണ്ടോ; | (ബി) | സിവിൽ സ്ട്രക്ച്ചറൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. $1^{st}$ പാർട്ട് ബിൽ തുക മുഴുവനും അനുവദിച്ച നൽകിയിട്ടുണ്ട്. $2^{nd}$ പാർട്ട് ബില്ലിന്റെ 70% തുകയും നൽകിയിട്ടുണ്ട്. |
| (സി) | നിർമ്മാണ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ? | (സി) | വാണിജ്യ സാധ്യതയുള്ള സ്ഥലങ്ങളും, കടകളും ലേലം ചെയ്ത് പലിശ രഹിത നിക്ഷേപം സമാഹരിച്ച് കരാറുകാരന് നൽകാനുള്ള തുക നൽകി പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാൻ ശ്രമം നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**